(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബി. എഡ്. കോളേജുകൾ ആരംഭിക്കുന്നതിനായി പ്രാഥമികമായ ശുപാർശ ലഭിയ്ക്കുന്നതിലേയ്ക്ക് ഏതെല്ലാം കോളേജുകളാണ്/സ്ഥാപനങ്ങളാണ് അപേക്ഷ സമർപ്പിച്ചിരുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത അപേക്ഷകൾ തീരുമാനിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ബി. എഡ്. കോളേജുകൾ ആരംഭിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുമതിക്ക് ശുപാർശ ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ പേരും മേൽവിലാസവും വെളിപ്പെടുത്തുമോ;

(ഡി) ബി. എഡ്. കോളേജുകൾ ആരംഭിക്കുന്നതിന്/അനുവദിക്കുന്നതിന് സംസ്ഥാന സർക്കാർ പ്രാഥമിക ശുപാർശ ചെയ്യുന്നതിൽ അഴിമതി നടന്നതായി ആരോപിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; അതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സ്വാശ്രയ ബി. എഡ്. കോളേജ് ആരംഭിക്കുന്നതിന് എൻ. ഒ. സി.-ക്കായി അപേക്ഷ സമർപ്പിച്ച 10+291 വിദ്യാഭ്യാസ ഏജൻസികളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) എൻ. സി. റ്റി. ഇ.-യും യൂണിവേഴ്സിറ്റികളും നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡം അനുസരിച്ച് ഏറ്റവും മികച്ച രീതിയിൽ അടിസ്ഥാന സൗകര്യങ്ങളും, ലബോറട്ടറി, ലൈബ്രറി മുതലായവയും ഏർപ്പെടുത്തിയ വിദ്യാഭ്യാസ ഏജൻസികളെ തിരഞ്ഞെടുക്കുകയാണ് സർക്കാർ നിയമിച്ച വിദഗ്ധ സമിതി ചെയ്തത്. സർക്കാരിന്റേതായി പ്രത്യേക മാനദണ്ഡം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നില്ല.

(സി) സർക്കാർ എൻ. ഒ. സി. നൽകിയ സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധം I(a), II എന്നിവയിൽ ചേർത്തിരിക്കുന്നു.†

(ഡി) പരാതി ലഭിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുള്ള ഹർജികളിലെ തീർപ്പ് അനുസരിച്ച് യുക്തമായ നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

സ്വാശ്രയ-സ്വകാര്യമേഖലയിൽ ബി. എഡ്./എം. എഡ്. കോളേജുകൾക്ക് അംഗീകാരം

137 [689] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് സ്വാശ്രയ സ്വകാര്യ മേഖലയിൽ എത്ര ബി. എഡ്./എം. എഡ്. കോളേജുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; അവയുടെ ജില്ല തിരിച്ചുള്ള പേരുവിവരം ലഭ്യമാകുമോ;

(ബി) അംഗീകാരത്തിനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിരുന്നു; അവ ഏതെല്ലാം ആണെന്നു വെളിപ്പെടുത്തുമോ;

(സി) വിദ്യാഭ്യാസ വകുപ്പ് അംഗീകാരം നൽകുകയും പിന്നീട് റദ്ദാക്കുകയും ചെയ്ത ബി. എഡ്./എം. എഡ്. കോളേജുകളുടെ ലിസ്റ്റ് വെളിപ്പെടുത്തുമോ;

(ഡി) ഇവയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കപ്പെടാത്ത കോളേജുകൾ ഏതെല്ലാമാണെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2001-ൽ 10 ബി. എഡ്. ട്രെയിനിംഗ് കോളേജുകൾക്കും, 2003-ൽ 64 ബി. എഡ്. കോളേജുകൾക്കും എൻ. ഒ. സി. നൽകിയിട്ടുണ്ട്. എം. എഡ്. കോളേജുകൾക്ക് എൻ. ഒ. സി. നൽകിയിട്ടില്ല. കോളേജുകൾക്ക് അംഗീകാരം നൽകുന്നത് ബന്ധപ്പെട്ട യൂണിവേഴ്സിറ്റികളാണ്. കോളേജുകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) 2001-ൽ 10-ഉം 2002-2003 വർഷങ്ങളിലായി 291-ഉം അപേക്ഷകൾ എൻ. ഒ. സി.-ക്കായി ലഭിച്ചിരുന്നു. അപേക്ഷകരുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) എൻ. ഒ. സി. നൽകാൻ തീരുമാനിക്കുകയും പിന്നീട് പിൻവലിക്കാൻ തീരുമാനിക്കുകയും ചെയ്ത ബി. എഡ്. കോളേജുകളുടെ പട്ടിക അനുബന്ധം 3 ആയും എം. എഡ്. കോഴ്സുകൾ അനുവദിക്കുന്നതിന് അപേക്ഷ നൽകിയവരുടെ ലിസ്റ്റ് അനുബന്ധം 4 ആയും ചേർത്തിരിക്കുന്നു.†

(ഡി) എൻ. സി. റ്റി. ഇ.-യും യൂണിവേഴ്സിറ്റികളും നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ മികച്ച രീതിയിൽ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിദഗ്ധ സമിതി റിപ്പോർട്ട് ചെയ്ത കോളേജുകൾക്ക് മാത്രമേ എൻ. ഒ. സി. നൽകിയിട്ടുള്ളൂ.

ബി. എഡ്. കോളേജുകൾ സ്റ്റേ ചെയ്തുകൊണ്ട് ഹൈക്കോടതി എത്തിച്ചേർന്ന നിഗമനങ്ങൾ

138 [690] ശ്രീ. ബിനോയ് വിശ്വം:
„ പി. എസ്. സുപാൽ:
„ എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly